# അണ കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

**കാര്യങ്ങൾ ശരിയായി വിലയിരുത്തി ശരിയായ പരിഹാരത്തിലെത്താൻ ഭീതിയില്ലാത്ത അന്തരീക്ഷം വേണം. വികസനം, കൃഷി, വൈദ്യുതി തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ചക്ക് വരണം. എല്ലാം കണക്കിലെടുത്ത് പരിഹാരം വേണം. തർക്കങ്ങൾ ശക്തമായാൽ പരിഹാരങ്ങൾ വൈകും. ശാസ്ത്രീയ വിഷയങ്ങൾ വച്ച് മുഖാമുഖമിരുന്ന് ചർച്ച നടത്തിയാൽ പരിഹരിക്കാൻ കഴിയുന്നതാണ് മുല്ലപ്പെരിയാർ പ്രശ്നമെന്ന് മേധാ പട്കർ**

# ഭരണകൂടം ക്രിയാത്മകമായി ഇടപെടണം

**അണക്കെട്ടുകൾ** മനുഷ്യർക്കും നദിക്കും പ്രകൃതിക്കും എത്രമാത്രം ദ്രോഹകരമാണെന്ന് ബോധ്യപ്പെട്ടവരാണ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലേറെയായി നർമ്മദ താഴ് വരയിൽ സമരം ചെയ്യുന്ന ഞങ്ങൾ. ഇത് ഒരു അണക്കെട്ടിന്റെ മാത്രം പ്രശ്നമല്ല, ബ്രഹ്മപുത്ര, കാവേരി, ഗോദാവരി, നർമ്മദ തുടങ്ങി ഒട്ടേറേ നദീതടങ്ങളിലായി നൂറുകണക്കിന് അണക്കെട്ടുകളുടെ അനുഭവസാക്ഷ്യമാണ്. ഇവക്കെല്ലാമെതിരെ ജനങ്ങൾ പോരാടുന്നു. നർമ്മദയിൽ ഞങ്ങൾ നടത്തുന്ന സമരത്തിന് കേരളത്തിൽ നിന്നും നിരവധിപേർ സഹായവുമായി എത്താറുണ്ട് അതുകൊണ്ടുതന്നെ കേരളത്തിൽ നടക്കുന്ന സമരത്തിന് പിന്തുണയുമായെത്തുക എന്നത് ഞങ്ങളുടെ ധാർമിക ബാധ്യതയാണ്. അഞ്ചുവർഷമായി നടക്കുന്ന സമരത്തിലെത്താൻ പല പ്രാവശ്യം ക്ഷണം കിട്ടിയിരുന്നെങ്കിലും സമയക്കുറവുമൂലം അതിനായില്ല. ഇപ്പോഴെ അതിന് കഴിഞ്ഞുള്ളൂ.

ഏറെ സങ്കീർണ്ണവും സൂക്ഷ്മവുമായ ഒരു പ്രശ്നമാണിത്. ശ്രദ്ധയോടെയും ശാസ്ത്രീയമായും ഇതിനെ സമീപിക്കണം. അതൊരു വെല്ലുവിളിയാണ്. സുർക്കിയും കുമ്മായവും കൊണ്ട് 116 വർഷം മുമ്പ് നിർമ്മിച്ച അണക്കെട്ടിന് താഴെ ഭീതിയോടെ ജീവിക്കുന്ന നിങ്ങൾ അഞ്ച് വർഷമായി ഉയർത്തുന്ന ശബ്ദം ഇപ്പോഴാണ് സമൂഹത്തിൽ ചലനം ഉണ്ടാക്കിയത്. ഇവിടെ നിങ്ങൾ തുടർച്ചയായി സമരം നടത്തിയിരുന്നില്ലെങ്കിൽ ആരും ഇത് അറിയില്ലായിരുന്നു. പതിറ്റാണ്ടുകൾ മുമ്പുതന്നെ അണക്കെട്ടിൽ പൊട്ടലും വിള്ളലും ചോർച്ചയും ഉണ്ടായിരുന്നു. റിക്ടർ സ്കെയിലിൽ മൂന്നിന് മുകളിലുള്ള ഭൂചലനങ്ങൾ ആവർത്തിച്ചുണ്ടായപ്പോഴാണ് ജനങ്ങൾ ആശങ്കാകുലരായത്. സുനാമി പ്രകൃതി ദുരന്തത്തിന് ശേഷം ഞാൻ തമിഴ്നാട്ടിലും കേരളത്തിലുമെത്തിയിരുന്നു. പ്രകൃതിയുടെ അത്തരമൊരുദുരന്തം ഇനിയൊരിക്കലും ഉണ്ടാകരുത്. പക്ഷെ ഇതെല്ലാമറിഞ്ഞിട്ടും നാം പ്രകൃതിയെ തകർക്കാനാണ് ശ്രമിക്കുന്നത്

ചപ്പാത്തിലെ
സമരപന്തലിൽ
നടത്തിയ പ്രഭാഷണം
തയ്യാറാക്കിയത്:
സി.ആർ. നീലകണ്ഠൻ

നദികൾക്ക് സംസ്ഥാനാതിർത്തികളൊന്നും ബാധകമല്ല. എന്നാൽ അണകെട്ടുന്നതോടെ വിഭജനം ആരംഭിക്കുന്നു. അണക്കെട്ടിന് മേലും കീഴുമുള്ളവരായി വിഭജിക്കപ്പെടുന്നു. മീൻ പിടിക്കുന്നവരും കർഷകരും ആദിവാസികളുമെല്ലാം തമ്മിൽ സംഘർഷങ്ങൾ ആരംഭിക്കുന്നു. അണക്കെട്ടുകൾ വൻ നഷ്ടവും ദുരന്തവുമാണെന്ന് തിരിച്ചറിഞ്ഞതിനാലാണ് 1990കൾ മുതൽ പുതിയ ഒരു വൻകിട അണക്കെട്ടും നിർമ്മിക്കേണ്ടതില്ലെന്ന് യു.എസ് തീരുമാനിച്ചത്. 15 മീറ്ററിൽ കൂടുതൽ ഉയരമുള്ളവയാണ് വൻ അണക്കെട്ട്. അണക്കെട്ടുകൾ സംബന്ധിച്ച നേട്ട – കോട്ട വിശകലനങ്ങളോ പുനർപഠനങ്ങളോ നടത്താൻ നാം ഒരിക്കലും തയ്യാറാകുന്നില്ല. പാരിസ്ഥിതികവും സാമൂഹ്യവുമായ നേട്ട – കോട്ട വിശകലനം നടത്തിയാൽ ഇവ വൻ നഷ്ടമാണെന്ന് കാണാം. ലോകത്ത് ഒരു വൻകിട അണക്കെട്ടും സുരക്ഷിതമല്ല. ജോധ്പൂരിലെ ലൂമിയർ അണക്കെട്ട് തകർന്ന അനുഭവം നമ്മുടെ മുന്നിലുണ്ട്. ലക്ഷക്കണക്കിന് മനുഷ്യർക്ക് അത് ദുരിതമായി. പതിനായിരങ്ങൾ മരിച്ചു.

ഇന്ത്യയിലിപ്പോൾ നാനൂറിലധികം വൻകിട അണക്കെട്ടുകൾ സുരക്ഷിതത്വ ഭീഷണി ഉയർത്തുന്നവയായുണ്ട്. അമ്പതിനും നൂറിനുമിടക്ക് വർഷം പ്രായമുള്ളവയാണത്. മധ്യപ്രദേശിൽ മാത്രം 168 അണക്കെട്ടുകളുണ്ട്. ഇതിൽ 25 എണ്ണം വൻകിടയാണ്. അണക്കെട്ടുകൾ എത്രതന്നെ ദ്രോഹകരമാണെങ്കിലും അവക്കുവേണ്ടി ശക്തമായി വാദിക്കുന്ന ലോബികളുമുണ്ട്. രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരുമുണ്ട്. അണക്കെട്ടുകളുടെ പ്രത്യാഘാതങ്ങൾ വേണ്ട രീതിയിൽ വിലയിരുത്താൻ കേന്ദ്ര ജലകമ്മീഷൻ പോലുള്ള സ്ഥാപനങ്ങൾ പോലും തയ്യാറാകുന്നില്ല. അണക്കെട്ടിനെ ഒരു ബിസിനസ് മാത്രമായി കാണാനാകില്ല. സുരക്ഷിതത്വവും മറ്റു പ്രത്യാഘാതങ്ങളും നിശിത പഠനത്തിന് വിധേയമാക്കണം. അണക്കെട്ടുകൾ ലക്ഷ്യമായി കണ്ട കാര്യങ്ങൾ സാധ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാറില്ല. അവക്കുള്ള പ്രതീക്ഷിത ചെലവിന്റെ എത്രമടങ്ങ് ചെലവായെന്ന് യഥാർത്ഥത്തിൽ പരിശോധിക്കണം. വിവരാവകാശ നിയമം ഉപയോഗിച്ച് നടത്തിയ അന്വേഷണങ്ങൾ ഞെട്ടിക്കുന്ന ഫലങ്ങളാണ് നൽകുന്നത്. കഴിഞ്ഞ 15ഓളം വർഷങ്ങൾക്കിടയിൽ അണക്കെട്ടുകൾക്കൊണ്ട് ഒരേക്കർ അധിക ഭൂമി പോലും കൃഷിയോഗ്യമായിട്ടില്ല. തർക്കങ്ങൾ മാത്രം ബാക്കി. എല്ലാ നദീതടങ്ങളിലേയും അനുഭവമാണിത്. കേന്ദ്ര ആസൂത്രണ കമ്മീഷനും സംസ്ഥാന ആസൂത്രണ ബോർഡുകളും ഇത് പഠിക്കാൻ തയ്യാറാകണം. രാഷ്ട്രീയ കക്ഷികൾ ഇതിന് മുൻകൈയ്യെടുക്കണം.



**കഴിഞ്ഞ 15ഓളം വർഷങ്ങൾക്കിടയിൽ അണക്കെട്ടുകൾക്കൊണ്ട് ഒരേക്കർ അധിക ഭൂമി പോലും കൃഷിയോഗ്യമായിട്ടില്ല. തർക്കങ്ങൾ മാത്രം ബാക്കി. എല്ലാ നദീതടങ്ങളിലേയും അനുഭവമാണിത്. കേന്ദ്ര ആസൂത്രണ കമ്മീഷനും സംസ്ഥാന ആസൂത്രണ ബോർഡുകളും ഇത് പഠിക്കാൻ തയ്യാറാകണം. രാഷ്ട്രീയ കക്ഷികൾ ഇതിന് മുൻകൈയ്യെടുക്കണം**

മുല്ലപ്പെരിയാറിൽ ജനവികാരം അതിന്റെ ഏറ്റവും ഉച്ചസ്ഥായിയിൽ നിൽക്കുകയാണ്. നിങ്ങളുടെ ആശങ്കയിൽ പങ്കുചേരാനും ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനുമാണ് ഞാനിവിടെ എത്തിയിരിക്കുന്നത്. എനിക്ക് കേരളവും തമിഴ്നാടും തമ്മിൽ വ്യത്യാസമില്ല. നമുക്കാർക്കും അതുണ്ടാകരുത്. നിങ്ങളുടെ സുരക്ഷിതത്വം പോലെത്തന്നെ തമിഴ്നാട്ടുകാരുടെ ആവശ്യങ്ങളും പ്രധാനമാണ്. ഇടുക്കി അണക്കെട്ടിനുമുകളിൽ മുല്ലപ്പെരിയാറിന് താഴെയുള്ള നാല് ഗ്രാമപഞ്ചായത്തുകളിൽ ജീവിക്കുന്ന നാൽപ്പതിനായിരത്തിൽ പരം കുടുംബങ്ങളിലെ മനുഷ്യർ ഭീതിയിലാണ്. ഈ കുടുംബങ്ങൾക്ക് സമാധാനത്തോടെ ഉറങ്ങാൻ കഴിയണം. ദുരന്തത്തിന്റെ ആഘാതങ്ങൾ എന്തെന്ന് തമിഴ് സഹോദരർക്കും മനസിലാകും. സുനാമി ഉണ്ടായപ്പോൾ അവർ അതു കണ്ടതാണ്. കടലൂർ ജില്ലയിലെ കണ്ടൽക്കാടുകൾ സംരക്ഷിച്ചതൊഴിച്ചുള്ള പ്രദേശങ്ങളെല്ലാം തിരയെടുത്തു പോയി. തമിഴ്നാട് ഭരണകൂടത്തിനും ഇത് മനസിലാകേണ്ടതാണ്. അതിനവരെ പ്രേരിപ്പിക്കാൻ കേന്ദ്രസർക്കാർ മുൻകൈ എടുക്കണം. ഇരുസംസ്ഥാനങ്ങളെയും വിളിച്ചിരുത്തി ചർച്ച നടത്തി പ്രശ്നം പരിഹരിക്കണം. എന്നാൽ ഇതിന് കേന്ദ്രം ഇതുവരെ തയ്യാറായിട്ടില്ലെന്നതാണ് നിർഭാഗ്യകരമായ വസ്തുത. 5 വർഷമായി സമരം നടത്തിയിട്ടും ഇതിന് കഴിയാതിരുന്നത് എന്തുകൊണ്ട്? കേന്ദ്രസർക്കാരിന്റെ ദൗർബല്യമാണോ? ഫെഡറൽ ഘടനയുടെ തകരാറാണോ? അങ്ങനെയെങ്കിൽ ഇരുവിഭാഗത്തെയും ജനങ്ങൾ ഒരുമിച്ചിരുന്ന് അഹിംസാത്മകമായ പരിഹാരം തേടണം. ഭരണകൂടമേ ആവശ്യമില്ലെന്ന മാവോയിസ്റ്റ് നിലപാടല്ലല്ലോ നമുക്കുള്ളത്.

ഭരണകൂടം ക്രിയാത്മകമായി ഇടപെടുകയാണ് വേണ്ടത്. കേന്ദ്രസർക്കാർ തയ്യാറാകുന്നില്ലെങ്കിൽ (ചിലർക്കെല്ലാം അപ്രിയമാണെങ്കിലും) സിവിൽ സമൂഹഇടപെടലും സാധ്യമാണ്. രണ്ട് സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ദേശീയ രാഷ്ട്രീയ കക്ഷികളുണ്ടല്ലോ. അവരുടെ പ്രതിനിധികളെ ഒരുമേശക്ക് ചുറ്റുമിരുത്താൻ രാഷ്ട്രീയ കക്ഷികൾക്ക് കഴിയേണ്ടതല്ലെ!. അവർക്ക് ജനപിന്തുണയുണ്ട്. ജനങ്ങളെപ്പോലുള്ള ചെറിയപ്രസ്ഥാനങ്ങൾക്ക് പരിമിതമായ അളവിൽ വിവിധ വിഭാഗങ്ങൾക്കിടയിൽ ഇരുസംസ്ഥാനത്തും സാന്നിധ്യമുണ്ട്. പരിസ്ഥിതി, ദളിത്, ആദിവാസി, ജൈവ കർഷകർ, നഗരദരിദ്രർ എന്നിങ്ങനെ... ഇവരെയെല്ലാം ഇടപെടുവിക്കാൻ ശ്രമിക്കും. രാഷ്ട്രീയ കക്ഷികളും ഇത്തരത്തിൽ ശ്രമിക്കണം. ആരുടെ നേതൃത്വത്തിലായാലും

പരിഹാരം അസാധ്യമല്ല.

പല പരിഹാരങ്ങൾ ഈ പ്രശ്ന ത്തിന് സാധ്യമായിട്ടുണ്ടാകാം. ഏറ്റ വും ശരിയായത് ഏതാണെന്ന് പരി ശോധിക്കണം. പുതിയ ഡാമും പുതി യകരാറും എന്നതാണ് ഇവിടെ നിന്നും ഉയരുന്ന നിർദ്ദേശം. എന്നാൽ തമിഴ് നാട് ഇതിന് എതിരാണ്. നാളിതുവരെ കൃഷിക്കും മറ്റുമായി തങ്ങൾക്കുകിട്ടി യിരുന്ന ജലം കിട്ടില്ലെന്ന് അവർ ഭയ പ്പെടുന്നുണ്ടാകാം. ജലം അവരുടെ രാ ഷ്ട്രീയ പ്രശ്നമാണ്. പുതിയ ഡാം വ ന്നാൽ ജലത്തിന് മേൽ കേരളത്തിന്റെ നിയന്ത്രണം വരുമെന്നതാണ് അവരു ടെ ഭയം. അതെന്തായാലും ഇത്രയധി കം മനുഷ്യരുടെ ജീവനേക്കാൾ വലു തല്ലല്ലോ ഇതൊന്നും. ജനങ്ങൾ ഭീതി യിൽ കഴിയേണ്ടി വരും എന്നതിനാലാ ണല്ലോ ജയലളിത കൂടംകുളം ആണവ നിലയത്തിനെതിരെ ശക്തമായ നില പാടെടുത്തത്. ഭയത്തിൽ ജീവിക്കുന്ന വർക്ക് സ്വതന്ത്രമായി ചിന്തിച്ച് നില പാടെടുക്കാനാകില്ല. കാര്യങ്ങൾ ശരി യായി വിലയിരുത്തി ശരിയായ പരി ഹാരത്തിലെത്താൻ ഭീതിയില്ലാത്ത അ ന്തരീക്ഷം വേണം. വികസനം, കൃഷി, വൈദ്യുതി തുടങ്ങി വിവിധ വിഷയ ങ്ങൾ ചർച്ചക്ക് വരണം. എല്ലാം കണ ക്കിലെടുത്ത് പരിഹാരം വേണം. തർ ക്കങ്ങൾ ശക്തമായാൽ പരിഹാരങ്ങൾ വൈകും. കേവലം ഇന്ദ്രജാലം പോ ലൊരു പരിഹാരം ഇതിനുണ്ടാകില്ല. സുപ്രീം കോടതിക്കോ കേന്ദ്രസർക്കാ രിനോ ഇതിന് തീരുമാനമുണ്ടാക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. കോടതി കൾ പലപ്പോഴും തീരുമാനമെടുക്കാൻ എക്സിക്യൂട്ടീവിനോട് ആവശ്യപ്പെടു ന്നു. എന്നാൽ ചിലയിടത്ത് സാങ്കേതി ക വൈദഗ്ദ്ധ്യത്തോടെ തീരുമാനമെടു ക്കുന്നു. ജലനിരപ്പ് 142 അടിയാക്കാനു ള്ള തീരുമാനം അത്തരത്തിലുള്ളതാ ണ്. ജസ്റ്റിസ് ആനന്ദും ജസ്റ്റിസ് കെ. ടി.തോമസുമടങ്ങുന്ന ഉന്നതാധികാര സംഘം കാര്യമായ ശ്രമങ്ങൾ നടത്തു ന്നുണ്ടെന്ന് അറിയുന്നു. എന്നാൽ പ്ര ശ്നം സമയബന്ധിതമായി പരിഹരി ക്കപ്പെടുയാണ് വേണ്ടത്. ചർച്ചകൾ ക മ്പം, തേനി, രാമനാഥപുരം, ചിദംബര ത്തിന്റെ ശിവഗംഗ തുടുങ്ങിയ കർഷക രിലും ചെന്നെത്തണം. സമാധാനപര മായ ചർച്ചകൾക്ക് പകരം പ്രകോപന പരമായ പരസ്യങ്ങൾ (തമിഴ്നാട് മു ഖ്യമന്ത്രി ജലളിതയും പ്രതിപക്ഷ നേ



**ഒരു ഭീഷണിയാണെങ്കിലും മുല്ലപ്പെരിയാർ ഒരവസരമാണ്. ചർച്ചകൾ തുടങ്ങാനും എല്ലാവരും ജയിക്കുന്ന പരിഹാരം തേടാനുമുള്ള അവസരം! ജനങ്ങൾ തമ്മിലുള്ള സംഘർഷം അണക്കെട്ടിനേക്കാൾ വലിയ ദുരന്തമാകും. ഒരിക്കലും പരിഹരിക്കാൻ കഴിയില്ല. ചർച്ചകൾ തുടങ്ങാൻ സമാധാന അന്തരിക്ഷം വേണം. ജനങ്ങൾ തമ്മിലുള്ള സംഘർഷം കുറക്കാൻ നിങ്ങൾ ഒരു ശാന്തിയാത്ര നടത്തണം. മുല്ലപ്പെരിയാറിൽ നിന്ന് ശിവഗംഗവരെ നിങ്ങൾ യാത്ര ചെയ്യണം.**

താവ് കരുണാനിധിയും നൽകിയവ) ഒരു പ്രശ്നവും പരിഹരിക്കില്ല. ഇത് കൂടുതൽ സങ്കീർണ്ണത സൃഷ്ടിക്കുന്നു. രാഷ്ട്രീയ കക്ഷികൾക്ക് മറ്റ് പല പ്രശ് നങ്ങളുമുണ്ടാകാം. അതുമായി ഇതി നെ കൂട്ടിക്കുഴക്കരുത്. തുറന്ന ചർച്ച ക്ക് അതൊന്നും തടസമാകരുത്. ഇത്ത രമൊരു ചർച്ചക്ക് മധ്യസ്ഥത വഹി ക്കാൻ നിരവധി വിദഗ്ധരും ഉന്നത ഉ ദ്യോഗസ്ഥരും സന്നദ്ധരാണെന്ന് ഞ ങ്ങളെ അറിയിച്ചിട്ടുണ്ട്. ജനലോക് പാൽ നിയമത്തിന്റെ കാര്യത്തിൽ ഇത് വിജയിച്ചതാണ്. അഭിപ്രായ വ്യത്യാസ ങ്ങൾ മാറ്റിവെച്ച് ഒട്ടനവധി നേതാ ക്കൾ ചർച്ചകൾക്കായെത്തി.

ജനലോക്പാൽ ജനാധിപത്യസം വിധാനങ്ങളുടെ വിലയിടിക്കുന്നുവെ ന്ന് പലരും പരാതി ഉയർത്തുന്നു. എ ന്നാൽ ഇവിടെ മുല്ലപ്പെരിയാറിൽ സർ ക്കാരിന് നിർണ്ണായകമായ പങ്കുണ്ട്. രാ ഷ്ട്രീയ കക്ഷികളടങ്ങുന്ന ജനാധിപത്യ സംവിധാനം പരിഹാരത്തിനായി ഇട പെടാത്തത് എന്താണ് ? കേന്ദ്രസർ ക്കാർ ചർച്ചക്ക് ക്ഷണിക്കുന്നതിൽ ഒ രു സംസ്ഥാനസർക്കാർ പങ്കെടുക്കാതി രിക്കുന്നത് ശരിയാണോ? അണക്കെട്ട് തകർന്നാൽ തമിഴ്നാടിനും ജലം കിട്ടി ല്ലല്ലോ. അതുകൊണ്ടുതന്നെ മുല്ലപ്പെ രിയാർ പ്രശ്നപരിഹാരം ഇരുവരുടെ യും ആവശ്യമാണ്. അന്നാട്ടിലെ കർ ഷകർക്ക് ഇത് നന്നായി അറിയാം. അ തുകൊണ്ട് പ്രശ്നപരിഹാരത്തിന് അ വർ തയ്യാറാകണം.

എന്നാൽ രാഷ്ട്രീയ കക്ഷികളുടെ ഇടപെടലിന്റെ അനന്തരഫലങ്ങൾ എ ന്താണ്. ജനകീയ സമരങ്ങൾ രാഷ്ട്രീയ വൽക്കരിക്കപ്പെടണം. എന്നാൽ അത് സങ്കുചിത കക്ഷിരാഷ്ട്രീയ താൽപര്യ ങ്ങൾക്ക് കീഴടങ്ങലല്ല. ജനാധിപത്യക ക്ഷികൾ ജനങ്ങളെ അഹിംസാത്മകമാ യി ചിന്തിക്കാനും ഒരുമിപ്പിക്കാനും ക ഴിയുന്നവരാകണം. എന്നാൽ പലപ്പോ

ഴും ജനങ്ങളെ വിഭജിച്ച് നിർത്താനാണ് ഇവർ ശ്രമിക്കുന്നത്. ജനങ്ങളുടെ കയ്യടി തൽക്കാലം നേടാനായി ഏറ്റവും അറ്റത്തെ നിലപാടെടുക്കും. അതിൽ നിന്നും അൽപം ഇളവുനൽകാൻ തയ്യാറായാൽ അതിനായി വാദിക്കുന്നവരെ ദേശവിരുദ്ധരായി ചിത്രീകരിച്ച് എതിർപക്ഷം മുതലെടുക്കുന്നു. അതുകൊണ്ട് ആരും അകലില്ല. പരിഹാരം അകലെയാകും. കടുത്ത നിലപാടുകൾ എടുക്കുന്നതോടെ സമീപനം ഹിംസാത്മകമാകാം.

കോടതികൾ പ്രശ്നത്തിന് പരിഹാരമാകില്ലെന്ന തോന്നലാണ് അയോധ്യകേസിലെയും മറ്റും വിധികൾ നൽകുന്നത്. കോടതിയുടെ പരിഹാരം ആർക്കും സ്വീകാര്യമാകില്ല. ഇവിടെ പ്രശ്നം മറ്റൊന്നാണ്. കാലം തീരുമാനിക്കാൻ കാത്തുനിൽക്കാനാകില്ല. ഇപ്പോൾ വർഷകാലം പിന്നിട്ടതിനാൽ ജലനിരപ്പ് അൽപം താഴ്ന്നപ്പോൾ ജനങ്ങളുടെ മനസിൽ അൽപം ശാന്തിയുണ്ടാകും. മുല്ലപ്പെരിയാറിനെന്തെങ്കിലും സംഭവിച്ചാൽ കൊച്ചി വരെയുള്ള മുപ്പത്തിയഞ്ച് ലക്ഷം മനുഷ്യരുടെ ജീവൻ തുലാസിലാകുന്നു. ഈ ആശങ്ക മനസിലാക്കാൻ തമിഴ്നാട് സഹോദരർ തയ്യാറാകണം. പുതിയ ഡാം എന്ന വാശിയിൽ കേരളവും ഉറച്ചുനിൽക്കേണ്ടതില്ല. ഇരുകൂട്ടർക്ക് സ്വീകാര്യമായ പരിഹാരങ്ങളുണ്ടെങ്കിൽ അവ തേടാം. നിലവിൽ അണക്കെട്ടിരിക്കുന്ന പ്രദേശത്ത് ചെറിയ തടയണകൾ കെട്ടി തമിഴ്നാടിന് ജലം നൽകുന്ന(റൺ ഓഫ് ദി റിവർ) സംഭരണരീതി അന്വേഷിക്കാം. തമിഴ്നാട്ടിൽ പുതിയ സംഭരണികൾ ഉണ്ടാക്കിക്കൊണ്ട് മുല്ലപ്പെരിയാറിലെ ജലനിരപ്പ് കുറക്കാൻ കഴിയുമോയെന്നും ആലോചിക്കാം. പുതിയ അണക്കെട്ട് സംബന്ധിച്ച തീരുമാനത്തിലെത്താൻ തന്നെ കാലതാമസമുണ്ടാകാം. അണക്കെട്ട് വരുന്നത് പെരിയാർ കടുവാസങ്കേതത്തിലാണ് എന്നതിനാലും വനം മുങ്ങിപ്പോകുമെന്നതിനാലും പാരിസ്ഥിതിക സാമൂഹിക ആഘാതാനുമതി എളുപ്പമാകില്ല. എല്ലാ അനുമതിയും കിട്ടിയാലും നാലു മുതൽ പത്ത് വരെ വർഷം ഇതിനായി എടുക്കും. ഇത്രയും കാലം മുല്ലപ്പെരിയാർ സുരക്ഷിതമായിരിക്കുമെന്ന് ആർക്കാണ് ഉറപ്പുള്ളത് ?

ഇപ്പോഴത്തെ ജലനിരപ്പ് 136 അടിയിൽ നിന്ന് താഴ്ത്തി 120 അടിയാക്കണമെന്നാണ് കേരളത്തിന്റെ ആവശ്യം. തമിഴ്നാട്ടിലെ കർഷകരുടെ താൽപര്യത്തിന് ഒരു ഹാനിയും വരാത്ത വിധത്തിൽ ജലനിരപ്പ് എത്രമാത്രം താഴ്ത്താമെന്ന് പരസ്പരം ചർച്ച ചെയ്ത് തീരുമാനിക്കണം. പിന്നെ വരുന്നത് വൈദ്യുതി ഉൽപാദനത്തിന്റെ പ്രശ്നമാണ്. 1,60,000 മെഗാവാട്ട് വൈദ്യുതി ഉൽപാദന ശേഷിയുള്ള രാജ്യത്ത് 140 മെഗാവാട്ട് എന്നത് അത്രവലിയ ഒന്നാണോ ? സാങ്കേതികമായ മറ്റൊരു പ്രശ്നമുണ്ട് . ഇപ്പോൾ സ്പിൽവേ ഉള്ളത് 113 അടിയിലാണ്. നിരപ്പ് താഴ്ത്താൻ മറ്റുമാർഗ്ഗങ്ങൾ തേടേണ്ടി വരും. അതെന്തായാലും ജനങ്ങൾക്ക് സുരക്ഷിതത്വം നൽകണം.

എന്നാൽ ഇവിടെ ഒരു പ്രധാന പ്രശ്നം ബാക്കിയാകുന്നു. ആരുണ്ട് പൂച്ചക്ക് മണികെട്ടാൻ എന്നതാണത്. കേന്ദ്രസർക്കാരോ കോടതിയോ ഇതിന് തയ്യാറാകുമോ ? കേന്ദ്രജലവിഭവകുപ്പ് മന്ത്രി പവൻകുമാർ ബൻസാൽ നല്ല മനുഷ്യനാണ്. പക്ഷെ എനിക്കൊരധികാരവുമില്ല എന്നാണ് അദ്ദേഹം ആവർത്തിക്കുന്നത്. രാഷ്ട്രീയ കക്ഷികൾ നേരത്തെ പറഞ്ഞതുപോലെ ശാസ്ത്രീയ ബോധവും യാഥാർത്ഥ്യബോധവും അംഗീകരിക്കാൻ തയ്യാറാകണം. പുതിയ അണക്കെട്ടും പുതിയ കരാറും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. കരാർ സംബന്ധിച്ച ചർച്ചകൾ തന്നെ ഒരിക്കലും ആരംഭിക്കാത്ത ഒന്നാകാം. പുതിയ പരിഹാരങ്ങൾ തേടുമ്പോൾ പഴയ അണക്കെട്ട് ഡീകമ്മീഷൻ ചെയ്യണമെന്ന ആവശ്യം തമിഴ്നാടിനെ ചൊടിപ്പിക്കുന്നു. ഡീകമ്മഷീൻ എന്നത് പൊളിച്ചടുക്കലല്ല. യുഎസിലും മറ്റും ഇത് സ്വാഭാവിക പ്രക്രിയയാണ്. നിരപ്പ് നിയന്ത്രിക്കൽ മാത്രമാണത്. പരിഹാരങ്ങൾക്ക് പല ഘട്ടങ്ങളുണ്ട്. ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള പരിഹാരങ്ങൾ അന്വേഷിക്കണം. ദീർഘകാല പരിഹാരം സുസ്ഥിരമായ ഒന്നാകണം. നമ്മുടെ അണക്കെട്ടുകളുടെ 'ഉയർന്ന നിരപ്പ്' എന്നതിൽ ഒരുകാര്യവുമില്ല. പല അണക്കെട്ടുകളിലും വേനൽക്കാലത്ത് കുട്ടികൾ ക്രിക്കറ്റ് കളിക്കുന്നു. മഴയും വനവും നശിച്ചതിനാലാണത്. നിങ്ങളുടെ സംസ്ഥാനം സുന്ദരവും സമൃദ്ധവുമാണ്. അതുകൊണ്ടാണ് നിങ്ങൾ തമിഴ്നാടിന് ജലം നൽകുന്നത്, ഇത്ര പ്രതിസന്ധിയിലായിരിക്കുമ്പോഴും വെള്ളം മുടങ്ങാതെ നൽകാം എന്ന് പറയുന്നത്. കർഷകർക്കാണ് വെള്ളം കിട്ടുന്നത്. തമിഴ്നാട്ടിലെന്നല്ല എവിടുത്തെയും കർഷകരെ നാം മറക്കരുത്. നമ്മളെല്ലാം അവരെ ആശ്രയിക്കുന്നവരാണ്. കർഷകരുടെ ഐക്യം, അവർക്ക് മറ്റു ജനങ്ങളുമായുള്ള ഐക്യം എന്നിവ നിലനിർത്താൻ രാഷ്ട്രീയ കക്ഷികൾക്കും ജനകീയ സംഘടനകൾക്കും ഉത്തരവാദിത്തമുണ്ട്.

വർഗ്ഗീയത, അഴിമതി, ഭീകരവാദം, ജാതീയത, പ്രകൃതിവിഭവക്കൊള്ള തുടങ്ങിയവയെല്ലാം തഴച്ചുവളരുന്ന ഇക്കാലത്ത് നീതി സമത്വത്തിനുവേണ്ടിയുള്ള പോരാട്ടം ശക്തിപ്പെടണം. ഒരു ഭീഷണിയാണെങ്കിലും മുല്ലപ്പെരിയാർ ഒരു അവസരമാണ്. ചർച്ചകൾ തുടങ്ങാനും എല്ലാവരും ജയിക്കുന്ന പരിഹാരം തേടാനുമുള്ള അവസരം! ജനങ്ങൾ തമ്മിലുള്ള സംഘർഷം അണക്കെട്ടിനേക്കാൾ വലിയ ദുരന്തമാകും. ഒരിക്കലും പരിഹരിക്കാൻ കഴിയില്ല. ചർച്ചകൾ തുടങ്ങാൻ സമാധാന അന്തരീക്ഷം വേണം. സംസ്ഥാനങ്ങൾ തമ്മിലുള്ള സംഘർഷം വളർത്തുന്ന രാജ് താക്കറേമാർ കേരളത്തിൽ ഇല്ലെന്ന് സമാധാനിക്കാം. ജനങ്ങൾ തമ്മിലുള്ള സംഘർഷം കുറക്കാൻ നിങ്ങൾ ഒരു ശാന്തിയാത്ര നടത്തണം. മുല്ലപ്പെരിയാറിൽ നിന്ന് ശിവഗംഗവരെ നിങ്ങൾ യാത്ര ചെയ്യണം. മതനേതാക്കളും പുരോഹിതരും ബഹുജന നേതാക്കളും അതിൽ പങ്കെടുക്കണം. ഇതിന് പകരം പരസ്യങ്ങളും മറ്റും വഴി പ്രകോപനം സൃഷ്ടിക്കരുത്. അത് പരിഹാരത്തിലേക്ക് നയിക്കില്ല.

പത്തിലേറെ അണക്കെട്ടുകൾ ഇടുക്കിയിലുണ്ട്. ഇവയുണ്ടാക്കാവുന്ന ഭൂചലനങ്ങളെപ്പറ്റി തന്നെ പഠിക്കേണ്ടതുണ്ട്. ഇടുക്കി ജലസംഭരണി ഉണ്ടാക്കാവുന്ന ഭൂചലനങ്ങളെ പറ്റി ലോക ഡാം കമ്മീഷൻ അംഗം എന്നനിലയിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്. നിരവധി വിദഗ്ദ്ധർ ഇത് സ്ഥിരീകരിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പഠിച്ച് ജനങ്ങൾക്കാവശ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ രാജ്യത്തെ ഐ ഐ ടികൾക്ക് കഴിയണം. അല്ലാത്തപക്ഷം അവ വെള്ളാനകളാകും. ശാസ്ത്രീയ വിഷയങ്ങൾ വച്ച് മുഖാമുഖമിരുന്ന് ചർച്ച നടത്തിയാൽ പരിഹരിക്കാൻ കഴിയുന്നത് മാത്രമാണ് മുല്ലപ്പെരിയാർ പ്രശ്നം.